## കോഴിക്കോട് ജില്ല പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടി ക്രമങ്ങൾ
## (ഹാജർ: എൻ. സുരേന്ദ്രൻ)

വിഷയം : പഞ്ചായത്ത് വകുപ്പ് – ജീവനക്കാര്യം – ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിൽ ഉൾപ്പെട്ടവർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും തസ്തികമാറ്റം വഴി ക്ലാർക്ക് തസ്തികയിലേക്ക് നിയമനം നല്കി – ഉത്തരവാകുന്നു.

പരാമർശം :
1. സ.ഉ (പി) നം. 1/2014/ഉ.ഭ.പ.വ. തിയ്യതി. 3.1.2014
2. സ.ഉ (പി) നം. 21/2014/ഉ.ഭ.പ.വ. തിയ്യതി. 19.7.2014
3. പഞ്ചായത്ത് ഡയരക്ടരുടെ 5.6.2014, 5.8.2014 തിയ്യതികളിലെ ഇ10–1000/14 നമ്പർ കത്തുകൾ

## ഉത്തരവ് നമ്പർ: എ1–15493/2014 (2) തിയ്യതി: 27/12/2014

പരാമർശം (1) (2) ഉത്തരവുകൾ പ്രകാരം സർക്കാർ വകുപ്പുകളിലെ എൽ.ഡി.ക്ലാർക്ക് / എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിലെ 10% ഒഴിവുകളിലേക്ക് അതാതു വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിൽ ഉൾപ്പെട്ടവർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴി നിയമനം നല്കുന്നതിന് വ്യവസ്ഥകളോടെ ഉത്തരവായിട്ടുണ്ട്. ആയത് പ്രകാരം 3.1.2014 മുതൽ ജില്ലയിലുണ്ടാകുന്ന ക്ലാർക്ക്/എൽ.ഡി.ടൈപ്പിസ്റ്റ് ഒഴിവുകളുടെ 10% ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ ജില്ലാതല സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴി നികത്തുന്നതിനായി പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയരക്ടർ നിർദ്ദേശം നല്കിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ജില്ലയിൽ 3.1.2014 മുതൽ ഉണ്ടായ ഒഴിവുകളുടെ 10% ഒഴിവുകളിലേക്ക് സീനിയോറിറ്റി ലിസ്റ്റിൽ നിന്നും യോഗ്യതയുടെ അടിസ്ഥാനത്തിൽ താഴെ ചേർത്ത ഓഫീസ് അറ്റന്റന്റ്മാർക്ക് അവരുടെ പേരിനു നേരെ ചേർത്ത ഗ്രാമപഞ്ചായത്തുകളിൽ 9940–16580/– രൂപ ശമ്പള നിരക്കിൽ ക്ലാർക്കുമാരായി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

| ക്രമ നമ്പർ | സീനിയോറിറ്റി നമ്പർ | പേര്, നിലവിലെ ഓഫീസ് | നിയമനം നല്കിയ ഓഫീസ് |
|---|---|---|---|
| 1 | 10 | സുമതി . പി<br>ഓഫീസ് അറ്റന്റന്റ്<br>തൂണേരി ഗ്രാമപഞ്ചായത്ത് | തൂണേരി ഗ്രാമപഞ്ചായത്ത് നിലവിലുള്ള ഒഴിവിൽ |
| 2 | 14 | പ്രീത കെ ടി കെ<br>ഓഫീസ് അറ്റന്റന്റ്<br>എടച്ചേരി ഗ്രാമപഞ്ചായത്ത് | തുറയൂർ ഗ്രാമപഞ്ചായത്ത് നിലവിലുള്ള ഒഴിവിൽ |

ഈ നിയമന ഉത്തരവ് പ്രകാരം നിയമിക്കപ്പെട്ട ജീവനക്കാർ ഉത്തരവുകൈപ്പറ്റി 15 ദിവസത്തിനുള്ളിൽ പുതിയ ജോലിയിൽ പ്രവേശിക്കേണ്ടതും ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന തിയ്യതി മുതൽ തുടർച്ചയായ 3 വർഷക്കാലത്തിൽ രണ്ടു വർഷം പ്രൊബേഷനിലായിരിക്കുന്നതുമാണ്. ഈ കാലയളവിൽ എം.ഒ.പി പരീക്ഷ പാസാകേണ്ടതാണ്.

ബന്ധപ്പെട്ട ഓഫീസ് മേധാവി, യോഗ്യത സർട്ടിഫിക്കറ്റുകളുടെ പരിശോധനക്ക് ശേഷം ജോലിയിൽ പ്രവേശിപ്പിക്കേണ്ടതാണ്. ടി ജീവനക്കാർ ജോലിയിൽ പ്രവേശിച്ചത് സംബന്ധിച്ച വിവരം യഥാസമയം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്. ക്ലാർക്കായി തസ്തികമാറ്റം ലഭിച്ച ജീവനക്കാർ 26/02/2011 തീയതിയിലെ ജി ഒ (പി)85/20011/ധന പരിഷ്കരണ ഉത്തരവിനനുസൃതമായി തസ്തികമാറ്റം സ്വീകരിച്ച തീയതി മുതൽ ഒരു മാസത്തിനകം ഓപ്ഷൻ ഫോറം പൂരിപ്പിച്ച് ബന്ധപ്പെട്ട ഓഫീസ് മേധാവിക്ക് സമർപ്പിക്കേണ്ടതാണ്.

പഞ്ചായത്ത് വകുപ്പിലെ പൊതുസ്ഥലംമാറ്റം 2015-ന് ഈ ഉത്തരവ് വിധേയമായിരിക്കുന്നതാണ്. ഈ ഉത്തരവു പ്രകാരമുള്ള തസ്തികമാറ്റത്തിന് താല്പര്യമില്ലാത്ത ജീവനക്കാർ തസ്തികമാറ്റം പരിത്യജിക്കുന്നതിനായി നിശ്ചിത മാതൃകയിലുള്ള അപേക്ഷ ഉത്തരവു തിയ്യതി മുതൽ പതിനഞ്ചു ദിവസത്തിനകം ഈ ഓഫീസിൽ ലഭ്യമക്കേണ്ടതാണ് .

**(ഒപ്പ്)**
**എൻ. സുരേന്ദ്രൻ**
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
കോഴിക്കോട്

വ്യക്തികൾക്ക് (ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന)

പകർപ്പ് ; 1. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ
2. പഞ്ചായത്ത് ഡയരക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3. എക്സിക്യൂട്ടീവ് ഡയരക്ടർ,
ഐ.കെ.എം, തിരുവനന്തപുരം
(എൽ.എസ്.ജി.ഡി വെബ് സൈറ്റിൽ
പ്രസിദ്ധീകരിക്കുന്നതിന്) (ഉപരിപത്രം സഹിതം)

കരുതൽ/അധികം.

/ഉത്തരവിൻ പ്രകാരം/

സൂപ്രണ്ട്.